DT/372/2024-B1

/698416/2024

"ഭരണഭാഷ – മാതൃഭാഷ"
വ്യാവസായിക പരിശീലനവകുപ്പ്
(കേരളസംസ്ഥാനം)

നമ്പർ:DT/372/2024-B1

തൊഴിൽ ഭവൻ,
തിരുവനന്തപുരം
തീയതി: 23-02-2024

**ചുറ്ററിയിപ്പ്**

വിഷയം:- വ്യവസായിക പരിശീലനവകുപ്പ് – അക്കൗണ്ട്സ് വിഭാഗം – 2023-24 സാമ്പത്തിക വർഷത്തിലെ ആദ്യ രണ്ട് പാദങ്ങളിലെ ഓൺലൈൻ റിക്കൻസിലേഷൻ പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കുന്നത് - നിർദേശങ്ങൾ നൽകുന്നത് -സംബന്ധിച്ച

സൂചന:- 1) GO(P) No.19/21/Fin നമ്പരായ 4-2-21 ലെ സർക്കാർ ഉത്തരവ്
2) ഈ കാര്യാലയത്തിൽ നിന്നുള്ള 22-08-2022 ലെ ഡിറ്റി/3948/2022- ബി1 നമ്പരായ ചുറ്ററിയിപ്പ്.
3) 18-12-23 ലെ IW-K2/7/23-Fin നമ്പരായ സർക്കാർ കത്ത്

ഒന്നാം സൂചനയിലെ സർക്കാർ ഉത്തരവനുസരിച്ച് 01-04-2021 തീയതി മുതൽ സംസ്ഥാനത്തെ വരവ് ചെലവ് കണക്കുകൾ കൃത്യമായി ഓൺലൈൻ റിക്കൻസിലേഷനു വിധേയമാക്കണം എന്ന് നിർദേശിച്ചിരുന്നു. ഇതിനെ തുടർന്ന് വകുപ്പിലും നിലവിൽ ഓൺലൈൻ റിക്കൺസിലിയേഷൻ നടപടികളാണ് സ്വീകരിച്ച് വരുന്നത്. സൂചന മൂന്നിൽ സൂചിപ്പിച്ചിരിക്കുന്ന സർക്കാർ കത്തിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ടി കത്തിൽ വിവിധ വകുപ്പുകൾ നടപ്പ് സാമ്പത്തിക വർഷത്തെ റിക്കൺസിലിയേഷൻ നടത്താത്തത് സംബന്ധിച്ച വിശദാംശങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു. നടപ്പ് സാമ്പത്തിക വർഷത്തെ 30-09-2023 ൽ അവസാനിക്കുന്ന ആദ്യ രണ്ട് പാദങ്ങളിലെ ഓൺലൈൻ റിക്കൺസിലിയേഷൻ പൂർത്തിയാക്കി റിപ്പോർ ട്ട് A G യിലേക്ക് നൽകണമെന്ന കർശന നിർദേശം സർക്കാരിൽ നിന്നും നൽകിയിരിക്കുകയാണ്. ഈ സാഹചര്യത്തിൽ സർക്കാർ നിർദേശം പാലിക്കുന്നതിനായി എല്ലാ DDO മാരും നടപ്പ് സാമ്പത്തിക വർഷത്തെ 30-09-2023 കാലാവധി വരെയുള്ള വരവ് ചെലവ് കണക്കുകൾ സൂചന രണ്ടിലെ ചുറ്ററിയിപ്പിലെ നിർദേശങ്ങൾ പാലിച്ച് കൊണ്ട് കൃത്യമായി റിക്കൺസിലിയേഷൻ നടത്തി [ശരിയായവ Accept ചെയ്യുകയും പിശകുള്ളവ (Reasons കാണിച്ചുകൊണ്ട്)] CCO ക്ക് 02/03/2024 നകം സമർപ്പിക്കണമെന്നുള്ള കർശന നിർദേശം ഇതിനാൽ നൽകുന്നു. കൂടാതെ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്ന സർട്ടിഫിക്കറ്റ് DDO സാക്ഷ്യപ്പെടുത്തി cru - യിൽ നൽകേണ്ടതാണ് എന്ന വിവരം കൂടി അറിയിക്കുന്നു.

B Santhosh Kumar

**സീനിയർ ഫിനാൻസ് ഓഫീസർ**

സ്വീകർത്താവ്:

CAO
12/2/24

/698416/2024

1) സ്പെഷ്യൽ ഓഫീസർ (SUIIT)

2) ജോയിന്റ് ഡയറക്ടർ (റീജിയണൽ ഡയറക്ടറേറ്റ്(കണ്ണൂർ)

3) എല്ലാ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർക്കും/

4) എല്ലാ ആർ.ഐ.സെൻറർ, ട്രെയിനിംഗ് ഓഫീസർമാർക്കും

5) എ.വി.ടി.എസ്, കളമശേരി/ ബി.ടി.സി.കൊല്ലം

Copy: Departmental website

**സർട്ടിഫിക്കറ്റ് മാതൃക**

ഐ.ടി.ഐ. യുടെ പേര് :

ഡി.ഡി.ഒ കോഡ് :

ജില്ല :

സീനിയർ ഫിനാൻസ് ഓഫീസറുടെ 23-02-2024 ലെ ഡിറ്റി/372/2024- ബി1 നമ്പർ ചുറ്ററിയിപ്പ് പ്രകാരം ഈ സ്ഥാപനത്തിന്റെ 2023-24 സാമ്പത്തിക വർഷത്തെ (30-09-2023 വരെ) ഓൺലൈൻ റിക്കൺസിലിയേഷൻ നടപടികൾ ksemp.ager.cag.gov.in എന്ന പോർട്ടലിൽ സ്ഥാപനത്തിലെ ചെലവ് പട്ടിക A G യുടെ ചെലവ് പട്ടികയുമായി പരിശോധിച്ച് പോരായ്മകൾ പരിഹരിച്ച് തുലനപ്പെടുത്തി ACCEPT ചെയ്തിട്ടുണ്ട്.

സ്ഥലം :

തീയതി : ഡി.ഡി.ഒ / സ്ഥാപന മേധാവി